അനുബന്ധം: 1

# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

# (Orthodox Syrian Sunday School Association of the East)

# ഭരണഘടന

## I. പേര്.

1. ഈ പ്രസ്ഥാനത്തിന്റെ പേര് പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ എന്നായിരിക്കും (Orthodox Syrian Sunday School Association of the East, OSSAE).

## II. ഉദ്ദേശ്യം.

2. പരിശുദ്ധ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ എല്ലാ ബാലികാ ബാലന്മാരെയും ത്രിത്വ വിശ്വാസത്തിലും, യേശുക്രിസ്തുവിനോടുള്ള ബന്ധത്തിലും വളർത്തുന്നതിനും, വിശുദ്ധ വേദപുസ്തകം, വിശുദ്ധ സഭയുടെ വിശ്വാസാചാരങ്ങൾ, സഭാചരിത്രം, പ്രത്യേകാൽ മലങ്കര സഭാചരിത്രം എന്നിവ സംബന്ധിച്ച് സഭയുടെ ഉപദേശങ്ങൾ നൽകി അവരെ ദൈവഭക്തിയും സഭാസ്നേഹവും സേവനസന്നദ്ധതയുമുള്ള യഥാർത്ഥ ദൈവമക്കളായി വളർത്തുന്നതിനും, ദൈവം നൽകിയിട്ടുള്ള താലന്തുകൾ വികസിപ്പിക്കുന്നതിനുമായി സൺഡേസ്കൂൾ, ഒ. വി. ബി. എസ്. എന്നിവ നടത്തുകയാണ് ഈ അസ്സോസിയേഷന്റെ ഉദ്ദേശ്യം.

## III. അംഗത്വം.

3. പരിശുദ്ധ സഭയിലെ എല്ലാ സൺഡേസ്കൂളുകളും ഈ അസ്സോസിയേഷന്റെ ശാഖകൾ (അംഗഘടകങ്ങൾ) ആയിരിക്കേണ്ടതാകുന്നു.

4. ഓരോ ഇടവകയുടെയും വ്യാപ്തിയനുസരിച്ച് ഒന്നോ ഒന്നിലധികമോ സൺഡേസ്കൂളുകൾ ഉണ്ടായിരിക്കേണ്ടതും അവ ഇടവകയോട് ബന്ധപ്പെട്ടും, ഇടവക വികാരിയുടെ ചുമതലയിലും പൂർണ്ണ നിയന്ത്രണത്തിലും ഇരിക്കേണ്ടതുമാകുന്നു.

5. ഇടവകയുടെ ചുമതലയിൽ അല്ലാതെ, പ്രത്യേക സാഹചര്യങ്ങളിൽ (ഉദാ: അരമന, മഠം, ദയറാ, ബാലഭവനം എന്നിവയോട് അനുബന്ധിച്ച്) സൺഡേസ്കൂൾ ആരംഭിക്കേണ്ടിവന്നാൽ അതത് ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടെ ആരംഭിക്കാവുന്നതാണ്. ഇപ്രകാരം ആരംഭിക്കുന്ന സൺഡേസ്കൂളിന് ഒരു സാധാരണ സൺഡേസ്കൂൾ ശാഖയ്ക്കുള്ള എല്ലാ അധികാരാവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഈ സൺഡേസ്കൂൾ ശാഖയ്ക്ക് പ്രസിഡണ്ടായി ഒരു വൈദികനെ ഇടവക മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്. ഈ സൺഡേസ്കൂളിൽ പ്രധാന അദ്ധ്യാപകനെയും/പ്രധാന അദ്ധ്യാപികയെയും മറ്റ് അദ്ധ്യാപകരേയും അദ്ധ്യാപക സമിതിയുടെ ആലോചനയോടുകൂടി ടി പ്രസിഡന്റ് നിയമിക്കേണ്ടതും നീക്കേണ്ടതുമാണ്.

6. അസ്സോസിയേഷനിൽ പുതുതായി ചേരുന്ന സൺഡേസ്കൂളിനുവേണ്ടി ഹെഡ്മാസ്റ്റർ 1-ാം നമ്പർ ഫോം പൂരിപ്പിച്ച് പ്രസിഡണ്ടിന്റെ ഒപ്പ് വച്ച് അസ്സോസിയേഷൻ നിശ്ചയിക്കുന്ന പ്രവേശന ഫീസോടുകൂടി ഡയറക്ടർ ജനറലിന് അയയ്ക്കേണ്ടതാകുന്നു.

7. അസ്സോസിയേഷനിൽ ചേർത്തുകൊണ്ടുള്ള അറിയിപ്പ് ഡയറക്ടർ ജനറൽ 2-ാം നമ്പർ ഫോറത്തിൽ, ഭദ്രസന മെത്രാപ്പോലീത്തായ്ക്കും, ഭദ്രാസന ഡയറക്ടർക്കും, ഡിസ്ട്രിക്ട് ഇൻസ്പെക്ടർക്കും, ഇടവക വികാരിക്കും, പ്രധാനാദ്ധ്യാപകനും/പ്രധാനാദ്ധ്യാപികയ്ക്കും അയയ്ക്കേണ്ടതാണ്.

8. അസ്സോസിയേഷൻ അതത് സമയം നൽകുന്ന നിർദ്ദേശമനുസരിച്ച് ശാഖകൾ പ്രവർത്തിക്കേണ്ടതാകുന്നു.

9. അസ്സോസിയേഷൻ ജനറൽ ബോഡി നിശ്ചയിക്കുന്ന വാർഷിക പിരിവുകളും പരീക്ഷാ ഫീസും ഓരോ സൺഡേസ്കൂൾ ശാഖയിൽ നിന്നും അടയ്ക്കേണ്ടതാകുന്നു.

### IV. മേഖലകൾ

10. പ്രവർത്തന സൗകര്യത്തിനായി സൺഡേസ്കൂൾ അസ്സോസിയേഷന്റെ കീഴിൽ താഴെപ്പറയുന്ന അഞ്ച് മേഖലകൾ ((Regions) ഉണ്ടായിരിക്കും.

**a. കേരളം:** ഈ മേഖലയിൽ കേരളത്തിനകത്തുള്ള ഭദ്രാസനങ്ങളിലെ സൺഡേസ്കൂളുകൾ ഉൾപ്പെടുന്നു.

**b. Outside Kerala Region (O. K. R.):** ഇന്ത്യയിലെ ബാഹ്യകേരള ഭദ്രാസനങ്ങളും ഗൾഫ് മേഖലയിലുള്ള ഇടവകകളും.

**c. അമേരിക്ക:** ഇതിൽ അമേരിക്കയിലെ നോർത്ത് ഈസ്റ്റ്, സൗത്ത് വെസ്റ്റ് എന്നീ ഭദ്രാസനങ്ങൾ ഉൾപ്പെടുന്നു.

**d. യു. കെ. - യൂറോപ്പ് - ആഫ്രിക്ക:** ഈ മേഖലയിൽ യു.കെ - യൂറോപ്പ് - ആഫ്രിക്ക ഭദ്രാസനം ഉൾപ്പെടുന്നു.

**e. ഈസ്റ്റ് ഏഷ്യാ റീജിയൺ:** ഓസ്ട്രേലിയ, സിങ്കപ്പൂർ, മലേഷ്യ, ന്യൂസിലൻഡ് എന്നീ ഭാഗങ്ങൾ

### V. ഭരണം.

### A. കേന്ദ്രതലം.

**പരമാധികാരി:**

11. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അസ്സോസിയേഷന്റെ പരമാധികാരി ആയിരിക്കുന്നതാകുന്നു.

**പ്രസിഡണ്ട്:**

12. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ആലോചനയോടുകൂടി പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അസ്സോസിയേഷൻ പ്രസിഡണ്ടായി ഒരു മെത്രാപ്പോലീത്തായെ നിയമിക്കുന്നതാകുന്നു.

13. ഈ ഭരണഘടനയ്ക്ക് വിധേയമായി, സൺഡേസ്കൂൾ അസ്സോസിയേഷന്റെ ഭരണം നിർവ്വഹിക്കുക, വാർഷിക പൊതുയോഗം, എക്സിക്യൂട്ടീവ് കമ്മിറ്റി തുടങ്ങിയവയിൽ ആദ്ധ്യക്ഷം വഹിക്കുക, പരാതി

കളിന്മേൽ തീർപ്പ് കല്പിക്കുക, ശിക്ഷണ നടപടികൾ സ്വീകരിക്കുക, അവാർഡുകൾ പ്രഖ്യാപിക്കുക തുടങ്ങിയവ പ്രസിഡണ്ടിന്റെ അധികാരങ്ങളിൽ പെട്ടവയായിരിക്കും.

**ഡയറക്ടർ ജനറൽ:**

**14.** പ്രസിഡണ്ടിന്റെ നിയന്ത്രണത്തിൽ ഈ ഭരണഘടനയ്ക്ക് വിധേയമായി അസ്സോസിയേഷന്റെ പുരോഗമനത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് ഒരു ഡയറക്ടർ ജനറൽ ഉണ്ടായിരിക്കേണ്ടതാണ്.

**15.** പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ആലോചനയോടുകൂടി ഒരു വൈദികനെ ഫുൾടൈം ഡയറക്ടർ ജനറലായി പരിശുദ്ധ കാതോലിക്കാബാവാ നിയമിക്കുന്നതാകുന്നു.

**16.** ഡയറക്ടർ ജനറലിന് 10,000/- രൂപ വരെ ക്യാഷായി ഓഫീസിൽ സൂക്ഷിക്കാവുന്നതും അതിൽ കൂടുതലുള്ള സംഖ്യ ബാങ്കിൽ നിക്ഷേപിക്കേണ്ടതും ആകുന്നു.

**പബ്ലിക്കേഷൻ ഓഫീസർ:**

**17.** സൺഡേസ്കൂൾ അസ്സോസിയേഷന് ഒരു പബ്ലിക്കേഷൻ ഓഫീസർ ഉണ്ടായിരിക്കേണ്ടതാണ്. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ആലോചനയോടുകൂടി പബ്ലിക്കേഷൻ ഓഫീസറെ പരിശുദ്ധ കാതോലിക്കാബാവാ നിയമിക്കുന്നതാകുന്നു.

**18.** അസ്സോസിയേഷൻ വക പ്രസ്സ്, ബുക്ക് ഡിപ്പോ എന്നിവയുടെയും, പാഠപുസ്തകങ്ങൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ മുതലായവയുടെയും അച്ചടി, സംഭരണം, വിൽപന എന്നിവയുടേയും ചുമതല പബ്ലിക്കേഷൻ ഓഫീസറുടെ സഹായത്തോടുകൂടി ഡയറക്ടർ ജനറൽ നിർവ്വഹിക്കുന്നതാകുന്നു.

**19.** ഓരോ ഭദ്രാസനത്തിലും പാഠപുസ്തകങ്ങളുടെയും മറ്റും വിതരണം സുഗമമാക്കുന്നതിനായി കേന്ദ്ര ബുക്ക് ഡിപ്പോയുടെ ബ്രാഞ്ച് ഡിപ്പോകൾ ഉണ്ടായിരിക്കേണ്ടതും അവ ഡയറക്ടർ ജനറലിന്റെ നിയന്ത്രണത്തിന് വിധേയമായി അതത് ഭദ്രാസന ഡയറക്ടറുടെ ചുമതലയിൽ ഇരിക്കേണ്ടതുമാകുന്നു.

**ട്രഷറാർ:**

**20.** അസ്സോസിയേഷൻ വക പണം കൈകാര്യം ചെയ്യുന്നതിന് ഡയറക്ടർ ജനറലിനോടൊപ്പം ഒരു ട്രഷറാർ ഉണ്ടായിരിക്കേണ്ടതാകുന്നു.

**21.** പ്രസിഡണ്ട് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന എക്സിക്യൂട്ടീവ് കമ്മറ്റി അവരിൽനിന്നുതന്നെ ഒരു ട്രഷറാറെ തിരഞ്ഞെടുക്കേണ്ടതും, പ്രസിഡണ്ട് അദ്ദേഹത്തെ നിയമിക്കേണ്ടതുമാകുന്നു.

**22.** ട്രഷറാർ അസ്സോസിയേഷന്റെ നാലുമാസ കണക്ക് തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

**23.** എക്സിക്യൂട്ടീവ് കമ്മറ്റി നിശ്ചയിക്കുന്ന നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ അസ്സോസിയേഷൻ വക പണം അസ്സോസിയേഷന്റെ പ്രസിഡണ്ട്, ഡയറക്ടർ ജനറൽ, ട്രഷറാർ, എന്നിവരുടെ ജോയിന്റ് അക്കൗണ്ടായി നിക്ഷേപിക്കേണ്ടതാണ്. ഈ സ്ഥാനികളിൽ രണ്ടുപേർ ചേർന്ന് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യാവുന്നതാണ്.

**എക്സിക്യൂട്ടീവ് ഓഫീസർ:**

**24.** ഒ. എസ്. എസ്. എ. ഇ. യുടെ ഓഫീസ് കാര്യങ്ങളിൽ ഡയറക്ടർ ജനറലിനെ സഹായിക്കുന്നതിനായി ഒരു എക്സിക്യൂട്ടീവ് ഓഫീസർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തെ ഡയറക്ടർ ജനറലിന്റെ ആലോചനയോടെ പ്രസിഡണ്ട് നിയമിക്കേണ്ടതുമാകുന്നു.

**പരീക്ഷാ കൺട്രോളർ:**

**25.** ഒ. എസ്. എസ്. എ. ഇ. യുടെ പരീക്ഷകളും മത്സരങ്ങളും നടത്തുന്നതിലേക്ക് ഡയറക്ടർ ജനറലിനെ സഹായിക്കുന്നതിനായി ഒരു പരീക്ഷാ കൺട്രോളർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തെ ഡയറക്ടർ ജനറലിന്റെ ആലോചനയോടെ പ്രസിഡണ്ട് നിയമിക്കേണ്ടതുമാകുന്നു.

**26.** ഒ. എസ്. എസ്. എ. ഇ. യുടെ എല്ലാ തലങ്ങളിലും കണക്കുകൾ വ്യവസ്ഥാപിതമായി സൂക്ഷിക്കേണ്ടതാണ്. ശാഖാ തലത്തിൽ ഇടവക വികാരിയുടെയും പ്രധാനാദ്ധ്യാപകന്റെ/പ്രധാനാദ്ധ്യാപികയുടെ പേരിലും, ഡിസ്ട്രിക്ട് തലത്തിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടറുടെയും സെക്രട്ടറിയുടെയും പേരിലും, ഭദ്രാസന തലത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ, ഭദ്രാസന ഡയറക്ടർ എന്നിവരുടെ പേരിലും ഒരു ഷെഡ്യൂൾഡ്/നാഷണലൈസ്ഡ് ബാങ്കിൽ പണം നിക്ഷേപിക്കേണ്ടതും അക്കൗണ്ടുകൾ കൈകാര്യം ചെയ്യേണ്ടതുമാണ്. കണക്കുകൾ ഇന്റേണൽ ഓഡിറ്ററുടെയും എക്സ്റ്റേണൽ ഓഡിറ്ററുടെയും പരിശോധനയ്ക്ക് ശേഷം ബന്ധപ്പെട്ട പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതാകുന്നു. ഒ. എസ്. എസ്. എ. ഇ. കണക്കുകൾ ഇന്റേണൽ ഓഡിറ്ററുടെയും എക്സ്റ്റേണൽ ഓഡിറ്ററുടെയും പരിശോധനയ്ക്കു ശേഷം ഒ. എസ്. എസ്. എ. ഇ. പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതുമാകുന്നു.

**B. പൊതുയോഗം.**

**27.** പരിശുദ്ധ കാതോലിക്കാ ബാവായുടെ പരമാധികാരത്തിന് വിധേയമായി അസ്സോസിയേഷന്റെ ഭരണ ചുമതല പ്രസിഡണ്ടിന്റെ ഉത്തരവാദിത്വത്തിൽ പൊതുയോഗത്തിൽ നിക്ഷിപ്തമായിരിക്കുന്നതാകുന്നു.

**28.** എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ, ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറിമാർ എന്നിവർ പൊതുയോഗത്തിൽ അംഗങ്ങളാകുന്നു. കേരളത്തിനു പുറത്തുള്ള മേഖലകളിൽ നിന്നും സൺഡേസ്കൂൾ ഭദ്രാസന ഡയറക്ടർമാരും സൺഡേസ്കൂൾ ഭദ്രാസന സെക്രട്ടറിമാരും ഒ. വി. ബി. എസ്. മേഖലാ സെക്രട്ടറിമാരും മാത്രം പൊതുയോഗാംഗങ്ങൾ ആയിരിക്കും. ഇതിനുപുറമേ ഒ. കെ. ആർ. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശപ്രകാരം ഒ. കെ. ആർ. പ്രസിഡണ്ട് ഒരു ഗൾഫ് പ്രതിനിധിയെയും അയയ്ക്കുന്നതാണ്.

**29.** പൊതുയോഗം വർഷത്തിൽ ഒരിക്കലെങ്കിലും പ്രസിഡണ്ട് തിരുമേനിയുടെയോ അദ്ദേഹത്തിന്റെയോ അസാന്നിദ്ധ്യത്തിൽ മേഖലാ പ്രസിഡണ്ടുമാരിൽ ഒരാളുടെയോ അദ്ദേഹത്തിന്റെയും അസാന്നിദ്ധ്യത്തിൽ പ്രസിഡണ്ടിനാൽ നിർദ്ദേശിക്കപ്പെടുന്ന ഒരു മെത്രാപ്പോലീത്തായുടെയോ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് മാസം രണ്ടാം ശനിയാഴ്ചയോ അതിനുമുമ്പോ കൂടേണ്ടതും ആവശ്യമെങ്കിൽ കൂടുതൽ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടേണ്ടതുമാകുന്നു.

**30.** പൊതുയോഗത്തിന് 14 ദിവസം മുമ്പെങ്കിലും അംഗങ്ങൾക്ക് ലഭിക്കത്തക്കവണ്ണം ഡയറക്ടർ ജനറൽ അജണ്ട സഹിതം നോട്ടീസ് അയയ്ക്കേണ്ടതാകുന്നു.

**31.** പൊതുയോഗത്തിൽ ചർച്ച ചെയ്യേണ്ട പ്രമേയങ്ങൾ, ചോദ്യങ്ങൾ എന്നിവ പൊതുയോഗത്തിന് നാലു ദിവസം മുമ്പെങ്കിലും ഡയറക്ടർ ജനറലിന് കിട്ടേണ്ടതും അവ എക്സിക്യൂട്ടീവ് കമ്മറ്റി പരിശോധിച്ച്, അംഗീകരിക്കുന്നവ പൊതുയോഗത്തിൽ സമർപ്പിക്കേണ്ടതുമാകുന്നു.

**32.** ബഡ്ജറ്റ് അംഗീകരിക്കുക, റിപ്പോർട്ടും കണക്കും പാസ്സാക്കുക, ഓഡിറ്റർമാരെ നിശ്ചയിക്കുക, അസ്സോസിയേഷന്റെ പുരോഗമനത്തിനാവശ്യമായ പരിപാടികൾ നിശ്ചയിക്കുക മുതലായവ പൊതുയോഗത്തിന്റെ ചുമതലയാകുന്നു.

## C. എക്സിക്യൂട്ടീവ് കമ്മറ്റി.

**33.** പ്രസിഡണ്ട് മെത്രാപ്പോലീത്താ, മേഖലാ പ്രസിഡണ്ടുമാർ, ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, ട്രഷറാർ, എക്സിക്യൂട്ടീവ് ഓഫീസർ, പരീക്ഷാ കൺട്രോളർ, ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർമാർ, ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിമാർ, ഒ. വി. ബി. എസ്. ഡയറക്ടർ, ഒ. വി. ബി. എസ്. ജനറൽ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മറ്റി ഉണ്ടായിരിക്കുന്നതാണ്. കേരളത്തിന് പുറത്തുനിന്നും മേഖലാ ഡയറക്ടർമാർ, ട്രഷറാർമാർ, ഒ. വി. ബി. എസ്. മേഖലാ ഡയറക്ടർമാർ, സെക്രട്ടറിമാർ, ഭദ്രാസന ഡയറക്ടർമാർ എന്നിവർക്ക് മാത്രമായിരിക്കും എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അംഗത്വമുള്ളത്.

**34.** പ്രസിഡണ്ട് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് കമ്മറ്റി കൂടേണ്ടതും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ, മേഖലാ പ്രസിഡണ്ടുമാരിൽ ആരെങ്കിലും സന്നിഹിതനായിരിക്കുന്നപക്ഷം അദ്ദേഹത്തിന്റെയോ, അദ്ദേഹത്തിന്റയും അസാന്നിദ്ധ്യത്തിൽ പ്രസിഡണ്ടിന്റെ നിർദ്ദേശാനുസരണം ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് കമ്മറ്റി കൂടേണ്ടതുമാകുന്നു.

**35.** പൊതുയോഗ നിശ്ചയങ്ങൾ നടപ്പിൽ വരുത്തുക, വാർഷിക റിപ്പോർട്ടും ബഡ്ജറ്റും ബാലൻസ് ഷീറ്റും തയ്യാറാക്കുക, പൊതു പരീക്ഷകൾ നടത്തുക, ആവശ്യമായ സബ് റൂളുകൾ ഉണ്ടാക്കുക എന്നിങ്ങനെ അസ്സോസിയേഷന്റെ പുരോഗതിക്കാവശ്യമായ എല്ലാകാര്യങ്ങളും ചെയ്യുന്നത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ചുമതലയാകുന്നു.

**36.** സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ സ്റ്റാഫിനെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ആലോചനയോടെ പ്രസ്ഥാനം പ്രസിഡണ്ട് നിയമിക്കേണ്ടതും നീക്കേണ്ടതുമാകുന്നു.

**37.** ആണ്ടിൽ മൂന്ന് പ്രാവശ്യമെങ്കിലും എക്സിക്യൂട്ടീവ് കമ്മറ്റി കൂടേണ്ടതും, ഓരോ പ്രാവശ്യവും അതുവരെയുള്ള പ്രവർത്തനം റിവ്യൂ ചെയ്യുകയും, വരവുചെലവു കണക്കുകൾ പരിശോധിച്ച് പാസ്സാക്കുകയും, ഭാവിപരിപാടികൾ ആലോചിച്ച് നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്.

**38.** കമ്മറ്റിയുടെ കോറം അംഗസംഖ്യയിൽ മൂന്നിലൊന്നായിരിക്കും.

## D. മേഖലാ തലം.

**മേഖലാ പ്രസിഡണ്ടുമാർ:**

**39.** കേരളത്തിനു പുറത്തുള്ള മേഖലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ മേഖലയ്ക്കും ഓരോ പ്രസിഡണ്ടിനെ, അസ്സോസിയേഷൻ പ്രസിഡണ്ടിന്റെ ആലോചനയോടെ പരിശുദ്ധ കാതോലിക്കാബാവാ നിയമിക്കേണ്ടതാണ്. മേഖലാ പ്രസിഡണ്ട് ആ മേഖലയിലെ ഒരു മെത്രാപ്പോലീത്താ ആയിരിക്കണം. എന്നാൽ കേരള റീജിയണിന്റെ പ്രസിഡണ്ട് ഒ. എസ്. എസ്. എ. ഇ. പ്രസിഡണ്ട് തന്നെയായിരിക്കും. എന്നാൽ കേരളത്തിനു പുറത്തുനിന്നുള്ള മെത്രാപ്പോലീത്താമാരിൽ ഒരാൾ ഒ. എസ്. എസ്. എ. ഇ. പ്രസിഡണ്ട് ആകുന്നപക്ഷം, കേരളാ റീജിയണിന് കേരളത്തിനകത്തുള്ള മെത്രാപ്പോലീത്താമാരിൽ ഒരാളെ പരിശുദ്ധ കാതോലിക്കാബാവാ നിയമിക്കേണ്ടതാണ്. മേഖലാ പ്രസിഡണ്ടുമാർ അസ്സോസിയേഷന്റെ വൈസ് പ്രസിഡണ്ടുമാർ ആയിരിക്കും.

**മേഖലാ ഡയറക്ടർ:**

**40.** ഓരോ മേഖലയ്ക്കും ആ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഡയറക്ടർ ജനറലിന് റിപ്പോർട്ടുകൾ നൽകുന്നതിനും അസ്സോസിയേഷൻ പ്രസിഡണ്ടിന്റെ ആലോചനയോടെ മേഖലാ പ്രസിഡണ്ട് ഒരു മേഖലാ ഡയറക്ടറെ നിയമിക്കേണ്ടതാണ്. മേഖലാ ഡയറക്ടറെ അസ്സോസിയേഷൻ പ്രസിഡണ്ട് നിയമിക്കുന്നതാണ്. കേരള റീജിയണിന്റെ മേഖലാ ഡയറക്ടർ, ഡയറക്ടർ ജനറൽ തന്നെ ആയിരിക്കും. O. K. R. -ന്റെ പ്രവർത്തനങ്ങൾ നാഗ്പൂർ സെമിനാരിയുടെ നേതൃത്വത്തിൽ നടക്കുന്നതുകൊണ്ട് O. K. R. ഡയറക്ടറെ നാഗ്പൂർ സെമിനാരി ഫാക്കൽറ്റിയുമായും അസ്സോസിയേഷൻ പ്രസിഡണ്ടുമായും ആലോചിച്ച് O. K. R. മേഖലാ പ്രസിഡണ്ട് നിയമിക്കേണ്ടതാണ്.

**41.** മേഖലാ തലത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ക്രമീകരണങ്ങൾ (ഡയറക്ടറുടെ നിയമനം, ഭദ്രാസനത്തിനുള്ളിൽ സൺഡേസ്കൂളുകളെ തരം തിരിക്കുന്നത്, ഒ. വി. ബി. എസ്. നടത്തിപ്പ്, കേരളത്തിന് പുറത്ത് അതത് മേഖലകളിലെ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമായി വരുന്ന മറ്റ് ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ചുള്ളത്) തുടരാവുന്നതാണ്. ഇവയ്ക്ക് മാറ്റമുണ്ടാകുന്ന സമയം മേഖലാ തലത്തിൽ ഔദ്യോഗികമായ തീരുമാനം എടുത്ത് ഒ. എസ്. എസ്. എ. ഇ. കേന്ദ്ര ഓഫീസിൽ അറിയിക്കേണ്ടതും, അസ്സോസിയേഷൻ പ്രസിഡണ്ട് തിരുമേനിയുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

**മേഖലാ ട്രഷറാർ:**

**42.** കേരളത്തിന് പുറത്തുള്ള മേഖലകൾക്ക് ഓരോ മേഖലാ ട്രഷറാർ ഉണ്ടായിരിക്കേണ്ടതും, ആ മേഖലാ ട്രഷറാറെ മേഖലാ പ്രസിഡണ്ട് നിയമിക്കേണ്ടതുമാണ്. കൈവശമുള്ള പണം അതത് പൊതുയോഗ തീരുമാനപ്രകാരം അംഗീകൃത ബാങ്കുകളിൽ നിക്ഷേപിക്കുകയും, വാർഷിക കണക്ക് കേന്ദ്ര ഓഫീസിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്.

**43.** മേഖലാ പൊതുയോഗം, മേഖലാ എക്സിക്യൂട്ടീവ് കമ്മറ്റി എന്നിവയിൽ ഒ. എസ്. എസ്. എ. ഇ. ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, ട്രഷറാർ, പരീക്ഷാ കൺട്രോളർ, ഒ. വി. ബി. എസ്. ഡയറക്ടർ, ഒ. വി. ബി. എസ്. ജനറൽ സെക്രട്ടറി എന്നിവർ അംഗങ്ങളായിരിക്കും.

## E. ഭദ്രാസന തലം.

**44.** ഭദ്രാസനത്തിലെ സൺഡേസ്കൂൾ പ്രവർത്തനത്തിന്റെ ചുമതലയും നിയന്ത്രണവും ഭദ്രാസന മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കും. ഭദ്രാസന മെത്രാപ്പോലീത്താ സൺഡേസ്കൂളിന്റെ ഭദ്രാസന പ്രസിഡണ്ടായിരിക്കുന്നതാണ്.

**ഭദ്രാസന വൈസ് പ്രസിഡന്റ്:**

**45.** സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ ഭദ്രാസന മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് ഒരു വൈദികനെ ഭദ്രാസന വൈസ് പ്രസിഡണ്ടായി ഭദ്രാസന മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്.

**ഭദ്രാസന പൊതുയോഗം:**

**46.** ഭദ്രാസനത്തിലെ നിലവിലുള്ള ഭദ്രാസന ഡയറക്ടർ, ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറി, ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ, ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറിമാർ, സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകർ എന്നിവർ ഭദ്രാസന പൊതുയോഗത്തിലെ അംഗങ്ങൾ ആയിരിക്കും.

**ഭദ്രാസന ഡയറക്ടർ:**

**47.** ഇടവക മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിൽ ഈ ഭരണഘടനയ്ക്ക് വിധേയമായി, ഭദ്രാസനത്തിലെ സൺഡേസ്കൂളുകളുടെ ചുമതല വഹിക്കുന്നതിന് ഒരു ഡയറക്ടർ ഉണ്ടായിരിക്കേണ്ടതാകുന്നു. മറ്റ്

ഏത് ഭദ്രാസന ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളിലെയുംപോലെ ഭദ്രാസന ഡയറക്ടറെ ഭദ്രാസന മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്.

**48.** ഡയറക്ടറുടെ നിയമനം സംബന്ധിച്ച് ഇടവക മെത്രാപ്പോലീത്താ ഭദ്രാസനത്തിലെ എല്ലാ ഇടവകകളെയും അറിയിച്ചിരിക്കേണ്ടതാണ്. പ്രസ്തുത വിവരം ഡയറക്ടർ ജനറലിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

**49.** ഡയറക്ടറായി നിയമിക്കപ്പെടുന്നയാൾ സൺഡേസ്കൂളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളും അഞ്ച് വർഷത്തിൽ കുറയാതെ സൺഡേസ്കൂൾ അദ്ധ്യാപകൻ/അദ്ധ്യാപിക ആയി സേവനമനുഷ്ഠിച്ചിട്ടുള്ള ആളും ആയിരിക്കേണ്ടതാകുന്നു.

**50.** ഭദ്രാസനത്തിലെ സൺഡേസ്കൂളുകൾ, ഒ. വി. ബി. എസ്. ക്ലാസ്സുകൾ മുതലായവ പരിശോധിക്കുക, അർദ്ധവാർഷിക പരീക്ഷ ഉൾപ്പെടെയുള്ള പരീക്ഷകൾ നടത്തുക, അദ്ധ്യാപക പരിശീലന ക്ലാസ്സുകൾ, ഹെഡ്മാസ്റ്റർമാരുടെയും ഇൻസ്പെക്ടർമാരുടെയും കോൺഫറൻസുകൾ, സഹപാഠ്യമത്സരങ്ങൾ എന്നിവ ഭദ്രാസന മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണവും ഭദ്രാസന വൈസ് പ്രസിഡണ്ടിന്റെ മേൽനോട്ടത്തിലും നടത്തുക എന്നിവ ഡയറക്ടറുടെ ചുമതലകളാകുന്നു.

**51.** ഭദ്രാസന സൺഡേസ്കൂൾ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ഡയറക്ടർ, ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറി, ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ, ഡിസ്ട്രിക്ട് സെക്രട്ടറിമാർ എന്നിവർ ചേർന്നുള്ള ഒരു ഭദ്രാസന സൺഡേസ്കൂൾ കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്. ഭദ്രാസന സൺഡേസ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല കൗൺസിലിന്റെ ആലോചനയോടുകൂടിയും പ്രസിഡണ്ടിന്റെ നിർദ്ദേശാനുസരണവും വൈസ് പ്രസിഡണ്ടിന്റെ മേൽനോട്ടത്തിലും ഡയറക്ടർ നിർവ്വഹിക്കേണ്ടതാണ്.

**52.** വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഭദ്രാസന സൺഡേസ്കൂൾ കൗൺസിൽ കൂടേണ്ടതാകുന്നു.

**53.** അദ്ധ്യാപകയോഗങ്ങൾ, പരീക്ഷകൾ, മത്സരങ്ങൾ, ഒ. വി. ബി. എസ്. ശാഖാ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിക്കുന്ന കാര്യങ്ങൾ പ്രസിഡണ്ടിന്റെ നിർദ്ദേശാനുസരണവും, വൈസ് പ്രസിഡണ്ടിന്റെ മേൽനോട്ടത്തിലും, ഭദ്രാസന സൺഡേസ്കൂൾ കൗൺസിലിന്റെ തീരുമാനപ്രകാരവും ഡയറക്ടർ നടത്തേണ്ടതാണ്.

**ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറി:**

**54.** ഭദ്രാസന ഡയറക്ടറെ ചുമതലകളിൽ സഹായിക്കുന്നതിനും, അസ്സോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയിലും പൊതുയോഗത്തിലും അദ്ധ്യാപകരെ പ്രതിനിധാനം ചെയ്യുന്നതിനുമായി ഒരു ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാകുന്നു.

**55.** ഭദ്രാസന സൺഡേസ്കൂൾ പൊതുയോഗം ഇടവക മെത്രാപ്പോലീത്തായുടെയോ വൈസ് പ്രസിഡണ്ടിന്റെയോ പ്രസിഡണ്ട് നിയോഗിക്കുന്ന ഒരു വൈദികന്റെയോ അദ്ധ്യക്ഷതയിൽകൂടി ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിയെ തെരഞ്ഞെടുക്കേണ്ടതാകുന്നു. ഭദ്രാസന മെത്രാപ്പോലീത്താ വിളിച്ചുകൂട്ടുന്ന യോഗത്തിന് അജണ്ട സഹിതം യോഗ തീയതിക്ക് രണ്ടാഴ്ച മുമ്പെങ്കിലും ബന്ധപ്പെട്ടവർക്ക് ലഭിക്കത്തക്കവിധം പള്ളികൾക്ക് കൽപന അയയ്ക്കേണ്ടതാണ്. മെയ് മാസം 15 -ാം തീയതിക്കകം യോഗം നടത്തിയിരിക്കേണ്ടതുമാകുന്നു. നിലവിലുള്ള ഭദ്രാസന ഡയറക്ടർക്കും ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിക്കും ഈ യോഗത്തിൽ വോട്ടവകാശമുണ്ടായിരിക്കും. സെക്രട്ടറിക്ക് ഭദ്രാസന ഡയറക്ടർക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന യോഗ്യതകൾ **(ഖണ്ഡിക: 49)** ഉണ്ടായിരിക്കേണ്ടതാണ്.

**56.** ഭദ്രാസന സൺഡേസ്കൂൾ കൗൺസിൽ യോഗത്തിന്റെയും ഭദ്രാസന പൊതുയോഗത്തിന്റെയും മിനിട്സ് രേഖപ്പെടുത്തുക, ചുമതല നിർവ്വഹണത്തിൽ ഡയറക്ടറെ സഹായിക്കുക, അതത് സന്ദർഭങ്ങളിൽ

ഇടവക മെത്രാപ്പോലീത്തായുടെ നിർദ്ദേശങ്ങൾക്കനുസരണമായി ഈ ഭരണഘടനയ്ക്ക് വിധേയപ്പെട്ട് പ്രവർത്തിക്കുക എന്നിവ ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിയുടെ ചുമതലയാണ്.

**57.** ഭദ്രാസന ഡയറക്ടറുടെ അഭാവത്തിൽ ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി വൈസ് പ്രസിഡണ്ടിന്റെ മേൽനോട്ടത്തിൽ ഡയറക്ടറുടെ ചുമതല ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിക്ക് നിർവ്വഹിക്കാവുന്നതാണ്.

**58.** മത്സര പരീക്ഷ, സഹപാഠ്യ മത്സരങ്ങൾ ഇവ നടത്തുന്ന കേന്ദ്രങ്ങളിലും, സൺഡേസ്കൂളുകളിലും, ഒ. വി. ബി. എസ്. ശാഖകളിലും ഭദ്രാസന ഡയറക്ടറുടെ നിർദ്ദേശാനുസരണം ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിക്ക് സന്ദർശനം നടത്താവുന്നതാണ്.

## F. ഡിസ്ട്രിക്ട് തലം.

**59.** ഓരോ ഭദ്രാസനത്തെയും 15-ൽ കവിയാതെ ഇടവകകൾ ഉൾക്കൊള്ളുന്ന ഡിസ്ട്രിക്ടുകളായി തിരിക്കേണ്ടതാകുന്നു. ഡിസ്ട്രിക്ടിന്റെ ചുമതല വഹിക്കുന്നതിന് ഡിസ്ട്രിക്ട് പ്രസിഡണ്ട് (വൈദികൻ), ഡിസ്ട്രിക്ട് ഇൻസ്പെക്ടർ, ഡിസ്ട്രിക് സെക്രട്ടറി എന്നിവർ ഉണ്ടായിരിക്കേണ്ടതാകുന്നു. എന്നാൽ ഒരു ഡിസ്ട്രിക്ടിൽ പ്രത്യേക പരിതസ്ഥിതികളിൽ ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി കൂടുതൽ ഇടവകകൾ ഉൾപ്പെടുത്തുവാൻ ഡയറക്ടർക്ക് അധികാരമുള്ളതാകുന്നു.

### ഡിസ്ട്രിക്ട് പ്രസിഡണ്ട്:

**60.** ഓരോ ഡിസ്ട്രിക്ടിനും ഡിസ്ട്രിക്ട് പ്രസിഡണ്ടായി ഒരു വൈദികനെ മെത്രാപ്പോലീത്താ നിയമിക്കുന്നതാകുന്നു. ഡിസ്ട്രിക് തല പ്രവർത്തനങ്ങളുടെ മേൽനോട്ടം ഭദ്രാസന പ്രസിഡണ്ടിന്റെ നിർദ്ദേശാനുസരണം ഡിസ്ട്രിക് പ്രസിഡണ്ടിന് ആയിരിക്കും. ഡിസ്ട്രിക്ട് പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ഡിസ്ട്രിക്ട് പ്രസിഡണ്ട് യഥാസമയം മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതാണ്.

### ഡിസ്ട്രിക്ട് പൊതുയോഗം:

**61.** ഡിസ്ട്രിക്ടിലെ എല്ലാ സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകരും, അദ്ധ്യാപകരും, നിലവിലുള്ള ഡിസ്ട്രിക്ട് ഇൻസ്പെക്ടർ, ഡിസ്ട്രിക്ട് സെക്രട്ടറി എന്നിവരും ഡിസ്ട്രിക്ട് പൊതുയോഗത്തിൽ അംഗങ്ങൾ ആയിരിക്കും. ഡിസ്ട്രിക്ട് പ്രസിഡണ്ട്, ഭദ്രാസന മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം ആണ്ടിൽ ഒരിക്കലെങ്കിലും ഡിസ്ട്രിക്ട് പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

### ഡിസ്ട്രിക്ട് സൺഡേസ്കൂൾ ഇൻസ്പെക്ടർ:

**62.** ഡിസ്ട്രിക്ട് സൺഡേസ്കൂൾ ഇൻസ്പെക്ടറെ ഭദ്രാസന പ്രസിഡണ്ട് നിയമിക്കേണ്ടതാകുന്നു. ഇൻസ്പെക്ടറായി നിയമിക്കപ്പെടുന്ന ആൾ അഞ്ച് വർഷമെങ്കിലും സൺഡേസ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ആൾ ആയിരിക്കേണ്ടതാകുന്നു.

**63.** ഡിസ്ട്രിക്ട് ഇൻസ്പെക്ടർ അദ്ദേഹം അംഗമായിരിക്കുന്ന ഇടവകയിലെ കൈസ്ഥാനി, കാര്യദർശി, ഭരണസമിതിയംഗം ആദിയായ ചുമതലകൾ അദ്ദേഹം സേവനം അനുഷ്ഠിക്കുന്ന കാലഘട്ടത്തിൽ സ്വീകരിക്കുവാൻ പാടുള്ളതല്ല.

**64.** നിയമന കൽപന ഡയറക്ടർ ജനറലിനും ഡിസ്ട്രിക്ടിലുള്ള പള്ളികൾക്കും നൽകേണ്ടതാകുന്നു.

**65.** വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും സൺഡേസ്കൂളുകൾ സന്ദർശിച്ച് പരിശോധിക്കുക, ഒ. വി. ബി. എസ്. യൂണിറ്റുകൾ സന്ദർശിക്കുക, ഡിസ്ട്രിക്ട് അദ്ധ്യാപക യോഗങ്ങളും ഹെഡ്മാസ്റ്റേഴ്സ് കോൺഫ

റൻസും ഡിസ്ട്രിക്ട് പ്രസിഡണ്ടിന്റെ അനുവാദത്തോടെയും അദ്ധ്യക്ഷതയിലും നടത്തുക മുതലായവ ഇൻസ്പെക്ടറുടെ ചുമതലകളാകുന്നു.

**66.** ഡിസ്ട്രിക്ട് പ്രസിഡണ്ടിനെയും, ഡിസ്ട്രിക്ട് ഇൻസ്പെക്ടറെയും സൺഡേസ്കൂൾ കാര്യങ്ങളിൽ സഹായിക്കുന്നതിന് ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറിയും പ്രധാനാദ്ധ്യാപകരും ചേർന്നുള്ള ഒരു കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

**67.** ആണ്ടിൽ രണ്ട് പ്രാവശ്യമെങ്കിലും ഡിസ്ട്രിക്ട് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ഈ കൗൺസിൽ കൂടേണ്ടതാകുന്നു.

**ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറി:**

**68.** ഇൻസ്പെക്ടറെ ചുമതലകളിൽ സഹായിക്കുന്നതിനും, അസ്സോസിയേഷൻ പൊതുയോഗത്തിലും മറ്റും അദ്ധ്യാപകരെ പ്രതിനിധാനം ചെയ്യുന്നതിനും, ഡിസ്ട്രിക്ട് കൗൺസിലിൽ പങ്കെടുക്കുന്നതിനും മറ്റുമായി ഒരു ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാണ്.

**69.** ഡിസ്ട്രിക്ട് പൊതുയോഗം ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറിയെ തെരഞ്ഞെടുക്കേണ്ടതാകുന്നു. ഇൻസ്പെക്ടർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ സെക്രട്ടറിക്കും ഉണ്ടായിരിക്കേണ്ടതാണ്.

**70.** സൺഡേസ്കൂൾ ഡിസ്ട്രിക്ട് കൗൺസിലിന്റെയും ഡിസ്ട്രിക്ട് പൊതുയോഗത്തിന്റെയും മിനിട്സ് രേഖപ്പെടുത്തി, അതുൾപ്പെടെ എല്ലാ കാര്യങ്ങളിലും ഡിസ്ട്രിക്ട് ഇൻസ്പെക്ടർക്ക് സഹായമായി പ്രവർത്തിക്കേണ്ടത് ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറിയുടെ ചുമതലയാണ്.

**71.** ഡിസ്ട്രിക്ട് ഇൻസ്പെക്ടർ കഴിഞ്ഞാൽ അടുത്ത സ്ഥാനി എന്ന നിലയിൽ ക്ലാസ്സുകൾ, മീറ്റിംഗുകൾ ഡിസ്ട്രിക്ട് സഹപാഠ്യ മത്സരങ്ങൾ, മത്സരപ്പരീക്ഷ, ഒ. വി. ബി. എസ്. എന്നിവ സംഘടിപ്പിക്കുമ്പോൾ ആവശ്യമായ സഹായം ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറി ചെയ്തുകൊടുക്കണം.

**72.** ഡിസ്ട്രിക്ട് ഇൻസ്പെക്ടറുടെ അഭാവത്തിൽ ഡിസ്ട്രിക് പ്രസിഡണ്ടിന്റെ അറിവോടും ഭദ്രാസന ഡയറക്ടറുടെ ശുപാർശപ്രകാരവും ഭദ്രാസന മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറി ഡിസ്ട്രിക്ട് ഇൻസ്പെക്ടറുടെ ചുമതല നിർവ്വഹിക്കുന്നതാകുന്നു.

**73.** സൺഡേസ്കൂൾ - ഒ. വി. ബി. എസ്. ശാഖകളിൽ, ഡിസ്ട്രിക്ട് ഇൻസ്പെക്ടറുടെ അറിവോടെ ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറിക്ക് സന്ദർശനം നടത്താവുന്നതാണ്.

## G. ഇടവക തലം.

**ശാഖാ പ്രസിഡന്റ്:**

**74.** ഇടവകയിലെ സൺഡേസ്കൂൾ ശാഖയുടെ/ശാഖകളുടെ പ്രസിഡണ്ട് ഇടവക വികാരി ആയിരിക്കുന്നതാണ്.

**പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക, അദ്ധ്യാപകർ, അദ്ധ്യാപക കൗൺസിൽ:**

**75.** പ്രധാനാദ്ധ്യാപകനും/പ്രധാനാദ്ധ്യാപികയും, അദ്ധ്യാപകരും ഉൾപ്പെട്ട ഒരു അദ്ധ്യാപക കൗൺസിൽ ഓരോ ശാഖയിലും ഉണ്ടായിരിക്കും. അദ്ധ്യാപക കൗൺസിൽ യോഗം വികാരിയുടെയോ വികാരിയുടെ നിയോഗം അനുസരിച്ച് പ്രധാനാദ്ധ്യാപകന്റെയോ/പ്രധാനാദ്ധ്യാപികയുടെയോ അദ്ധ്യക്ഷതയിൽ കൂടേണ്ടതാണ്. കൗൺസിലിന് തെരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി ഉണ്ടായിരിക്കണം. പ്രധാനാദ്ധ്യാപ

കനെ/പ്രധാനാദ്ധ്യാപികയെ സഹായിക്കുന്നതിന് ആവശ്യമെങ്കിൽ ഒരു അസിസ്റ്റന്റ് പ്രധാനാദ്ധ്യാപകനെ/പ്രധാനാദ്ധ്യാപികയെ വികാരിക്ക് നിയോഗിക്കാവുന്നതാണ്.

**76.** വികാരി സൺഡേസ്കൂൾ അദ്ധ്യാപകരെയും, അദ്ധ്യാപക കൗൺസിലിന്റെ ആലോചനയോടെ പ്രധാനാദ്ധ്യാപകനെയും/പ്രധാനാദ്ധ്യാപികയെയും നിയമിക്കേണ്ടതാകുന്നു.

**പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക:**

**77.** പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക വേദപ്രവീൺ ഡിപ്ലോമ ലഭിച്ചിട്ടുള്ളയാളും അഞ്ച് വർഷമെങ്കിലും സൺഡേസ്കൂൾ അദ്ധ്യാപന പരിചയം ലഭിച്ചയാളും ആയിരിക്കണം.

**78.** താഴെപ്പറയുന്ന യോഗ്യതകളിൽ ഏതെങ്കിലുമുള്ളവരെ സൺഡേസ്കൂൾ അദ്ധ്യാപകരായി നിയമിക്കാവുന്നതാണ്.

**a.** സൺഡേസ്കൂൾ വേദപ്രവീൺ ഡിപ്ലോമ പാസ്സായിട്ടുള്ളവർ.

**b.** വൈദിക സെമിനാരി അദ്ധ്യയനം, മിഷൻ സെന്റർ അദ്ധ്യയനം എന്നിവ കഴിഞ്ഞവർ.

**c.** അത്യാവശ്യ സന്ദർഭങ്ങളിൽ, ദിവ്യബോധനം (POCE) കോഴ്സ്, സത്യജ്യോതി ഓൺലൈൻ കോഴ്സ് എന്നിവയിൽ ഏതെങ്കിലും പൂർത്തിയാക്കിയവരെയും ഭദ്രാസന മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ താത്ക്കാലികമായി നിയമിക്കാവുന്നതാകുന്നു. രണ്ട് വർഷത്തിനകം അവർ വേദപ്രവീൺ ഡിപ്ലോമ പാസ്സായിരിക്കണം.

**79.** മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഇല്ലാത്ത അദ്ധ്യാപകർ രണ്ട് വർഷത്തിനകം വേദപ്രവീൺ ഡിപ്ലോമ പാസായിരിക്കണം.

**80.** സാധാരണഗതിയിൽ പ്രധാനാദ്ധ്യാപകരുടെ സേവന കാലാവധി അഞ്ച് (5) വർഷമായിരിക്കുന്നതും, ആവശ്യമെന്നു കണ്ടാൽ പ്രസ്തുത കാലാവധി നീട്ടിക്കൊടുക്കാവുന്നതുമായിരിക്കും. വ്യക്തമായ കാരണങ്ങൾ ഉണ്ടെങ്കിൽ ഇടവക മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി പ്രധാനാദ്ധ്യാപകനെയോ/പ്രധാനാദ്ധ്യാപികയെയോ, അദ്ധ്യാപകരെയോ ഇടവക വികാരിക്ക് നീക്കം ചെയ്യാവുന്നതാണ്.

**81.** പുതുതായി ആരംഭിക്കുന്ന സ്കൂളുകളിൽ വികാരി അദ്ധ്യാപകരെ നിയമിക്കുകയും, അവരുടെ ആലോചനയോടുകൂടി പ്രധാനാദ്ധ്യാപകനെ/പ്രധാനാദ്ധ്യാപികയെ നിയമിക്കുകയും ചെയ്യേണ്ടതാകുന്നു.

**82.** പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക, അദ്ധ്യാപക കൗൺസിലിന്റെ ആലോചനയോടുകൂടിയും ഇടവക വികാരിയുടെ നിർദ്ദേശാനുസരണവും സൺഡേസ്കൂളിന്റെ ആഭ്യന്തര കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.

**83.** അദ്ധ്യാപകർക്ക് ക്ലാസ്സുകൾ തിരിച്ചുകൊടുക്കുക, പരീക്ഷകളും മത്സരങ്ങളും നടത്തുക എന്നിവ വികാരിയുടെ മേൽനോട്ടത്തിൽ പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക നിർവ്വഹിക്കേണ്ടതാകുന്നു.

**84.** കേന്ദ്ര/ഭദ്രാസന/മേഖലാ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം പരീക്ഷാ തീയതി, മത്സരങ്ങളുടെ തീയതി എന്നിവ നിശ്ചയിക്കേണ്ടതാകുന്നു.

**85.** സൺഡേസ്കൂൾ സമയം വ്യത്യാസപ്പെടുത്തുകയോ, അദ്ധ്യാപകർ മാറുകയോ, പുതുതായി നിയമിക്കപ്പെടുകയോ ചെയ്താൽ വിവരം പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക അപ്പോഴപ്പോൾ ഇൻസ്പെക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്. പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക മാറുന്ന അവസര

ത്തിൽ, വികാരിയോ വികാരി നിയമിക്കുന്ന ആളോ ഭദ്രാസന ഡയറക്ടർ, ഡിസ്ട്രിക്ട് ഇൻസ്പെക്ടർ എന്നിവരെ അറിയിച്ചിരിക്കണം.

## H. അച്ചടക്ക നടപടികൾ.

**86.** തുടർച്ചയായി മൂന്ന് ഞായറാഴ്ചകളിൽ അനുവാദമില്ലാതെ ഹാജരാകാതിരിക്കുക, സ്വഭാവദൂഷ്യം, സഭാ വിശ്വാസ വ്യതിയാനം, മാതൃകാപരമല്ലാത്ത പെരുമാറ്റം തുടങ്ങിയ കാരണങ്ങളാൽ വികാരി അദ്ധ്യാപകരെ സ്റ്റാഫ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

**87.** അച്ചടക്ക നടപടിക്ക് വിധേയരാകുന്ന പ്രധാനാദ്ധ്യാപകർ/അദ്ധ്യാപകർ എന്നിവർക്ക് ഇടവക മെത്രാപ്പോലീത്തായ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാകുന്നു. ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനത്തിന്മേൽ അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

## I. അദ്ധ്യയന വർഷം.

**88.** സൺഡേസ്കൂൾ അദ്ധ്യയനവർഷം പൊതുവിൽ ജനുവരി 01 മുതൽ ഡിസംബർ 31 വരെയുള്ള ഒരു വർഷം ആയിരിക്കുന്നതാണ്. മറ്റ് മേഖലകളിൽ, അദ്ധ്യയനവർഷം അതത് മേഖലയിലെ സാഹചര്യങ്ങളനുസരിച്ച് ക്രമീകരിക്കാവുന്നതാണ്.

**89.** ഒരു അദ്ധ്യയന വർഷത്തിൽ കുറഞ്ഞപക്ഷം നാൽപ്പത് (40) സാദ്ധ്യായ ദിവസങ്ങൾ ഉണ്ടായിരിക്കേണ്ടതാകുന്നു.

## J. നിയമന കാലാവധി.

**90.** അസ്സോസിയേഷന്റെ ഔദ്യോഗിക ഭാരവാഹികളായ ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, ട്രഷറാർ, എക്സിക്യൂട്ടീവ് ഓഫീസർ, പരീക്ഷാ കൺട്രോളർ, ഒ. വി. ബി. എസ്. ഡയറക്ടർ, ഒ. വി. ബി. എസ്. ജനറൽ സെക്രട്ടറി, മേഖലാ ഡയറക്ടർമാർ, ഭദ്രാസന ഡയറക്ടർമാർ, ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറിമാർ, ഡിസ്ട്രിക്ട് സൺഡേസ്കൂൾ ഇൻസ്പെക്ടർമാർ, ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറിമാർ എന്നിവരുടെ കാലാവധി അഞ്ച് (5) വർഷം ആയിരിക്കുന്നതാകുന്നു.

**91.** കാലാവധി തീരുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ്/നിയമനം നടത്തേണ്ടതും, നിയമിക്കുന്നതുവരെ ചുമതലയിൽ ഇരിക്കുന്ന ആൾ വോട്ടവകാശത്തോടുകൂടി ആ ചുമതലയിൽ തുടരുന്നതുമാകുന്നു.

**92.** ഡയറക്ടർ, ഇൻസ്പെക്ടർ, സെക്രട്ടറി, പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക എന്നീ ചുമതലകളിൽ ഭദ്രാസന - ഡിസ്ട്രിക്ട് - ഇടവക തലങ്ങളിൽ ഒരാൾക്ക് ഒരു സമയത്ത് ഒന്നുമാത്രമേ വഹിക്കാൻ അനുവാദമുള്ളൂ.

**93. ചുമതലകൾ കൈമാറുന്നത്:** ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, ട്രഷറാർ, പരീക്ഷാ കൺട്രോളർ, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിലും, ഭദ്രാസന ഡയറക്ടർ, സെക്രട്ടറി എന്നിവർ ഭദ്രാസന മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിലും, ഡിസ്ട്രിക്ട് ഇൻസ്പെക്ടർ, ഡിസ്ട്രിക്ട് സെക്രട്ടറി എന്നിവർ വൈസ് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിലും, പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക വികാരിയുടെ സാന്നിദ്ധ്യത്തിലും ആയിരിക്കേണ്ടതാകുന്നു.

**94.** ഏതെങ്കിലും ചുമതലയിൽ ഇരിക്കുന്നവരെ മതിയായ കാരണത്താൽ നീക്കം ചെയ്യുന്നതിന് അവരെ നിയമിച്ച അധികാരിക്ക് അവകാശമുണ്ടായിരിക്കുന്നതും, നീക്കപ്പെടുന്നയാൾക്ക് അതിന്മേൽ അടുത്ത മേലധികാരിയുടെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതുമാകുന്നു.

**95.** ഭദ്രാസനത്തിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള സ്ഥാനികളിൽ ആരുടെയെങ്കിലും സ്ഥാനത്തിന് കാലാവധിക്കുമുമ്പ് ഒഴിവ് വന്നാൽ പകരം തെരഞ്ഞെടുപ്പ് നടത്തി മറ്റൊരാളെ നിശ്ചയിക്കേണ്ടതും, അപ്രകാരം ചെയ്യുന്നതിന് സാവകാശമില്ല എന്ന് ഇടവക മെത്രാപ്പോലീത്തായ്ക്ക് ബോധ്യമാകുന്നുവെങ്കിൽ അദ്ദേഹത്തിന് യുക്തംപോലെ തൽസ്ഥാനത്ത് ആളെ നിയമിക്കാവുന്നതും ആകുന്നു. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധി ആ തസ്തികയിൽ അവശേഷിക്കുന്ന കാലാവധി മാത്രമായിരിക്കും.

**96.** തൃപ്തികരമായ സേവനത്തിന് ശേഷം സ്ഥാനമൊഴിയുന്ന ആൾ വീണ്ടും തെരഞ്ഞെടുക്കപ്പെടാവുന്നതാകുന്നു. എന്നാൽ എല്ലാ തലങ്ങളിലും ഒരാൾ തുടർച്ചയായി രണ്ട് (2) പ്രാവശ്യം മാത്രമേ ഒരേ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളൂ.

## K. ഒ. വി. ബി. എസ്.

**97.** അവധിക്കാലത്ത് വേദപഠന ക്ലാസ്സുകൾ നടത്തുന്നതിനായി ഒ. എസ്. എസ്. എ. ഇ. എക്സിക്യൂട്ടീവ് കമ്മറ്റിക്ക് വിധേയമായി ഒരു ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ (ഒ. വി. ബി. എസ്.) ഡിപ്പാർട്ടുമെന്റ് ഉണ്ടായിരിക്കുന്നതാണ്.

**98.** ഒ. വി. ബി. എസ്. നടത്തിപ്പിന് പരിചയസമ്പന്നരായ ഒരു ഡയറക്ടറും, ഒരു ജനറൽ സെക്രട്ടറിയും ഉണ്ടായിരിക്കണം. ഇവരെ ഡയറക്ടർ ജനറലിന്റെ ആലോചനയോടെ പ്രസിഡണ്ട് നിയമിക്കേണ്ടതാകുന്നു. കേരളത്തിന് പുറത്തുള്ള ഒ. വി. ബി. എസ്. പ്രവർത്തനങ്ങൾക്കായി ഒരു മേഖലാ ഒ. വി. ബി. എസ്. ഡയറക്ടറെയും, മേഖലാ ഒ. വി. ബി. എസ്. സെക്രട്ടറിയെയും മേഖലാ ഡയറക്ടറുടെ ആലോചനയോടെ മേഖലാ പ്രസിഡണ്ട് നിയമിക്കേണ്ടതാണ്. അങ്ങനെ നിയമിക്കപ്പെട്ടവരുടെ പേരുവിവരം യഥാസമയം ഒ. വി. ബി. എസ്. ഡയറക്ടറെ അറിയിക്കേണ്ടതാകുന്നു.

**99.** ഒ. വി. ബി. എസ്. ഡയറക്ടർ, ഒ. വി. ബി. എസ്. ജനറൽ സെക്രട്ടറി, ഒ. എസ്. എസ്. എ. ഇ. പ്രസിഡന്റ്, ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, ട്രഷറാർ, എക്സിക്യൂട്ടിവ് ഓഫീസർ, പരീക്ഷാ കൺട്രോളർ, മേഖലാ ഒ. വി. ബി. എസ്. ഡയറക്ടർമാർ എന്നിവർ ഉൾപ്പെടുന്ന ഒരു ഒ. വി. ബി. എസ്. കമ്മറ്റി ഉണ്ടായിരിക്കുന്നതാണ്. ഇവരെ കൂടാതെ എക്സിക്യൂട്ടീവ് കമ്മറ്റി തെരഞ്ഞെടുക്കുന്ന അഞ്ച് പേരും ഉണ്ടായിരിക്കണം. ഈ അഞ്ച് പേരിൽ മൂന്ന് പേർ എക്സിക്യൂട്ടീവ് കമ്മറ്റിക്കു പുറത്തുനിന്നായിരിക്കുകയും വേണം.

**100.** ഒ. വി. ബി. എസ്. ഭാരവാഹികളുടെ കാലാവധി ഒ. എസ്. എസ്. എ. ഇ. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ കാലവധിയായിരിക്കുന്നതാണ്.

**101.** ഒ. വി. ബി. എസ്. കമ്മറ്റിയുടെ പ്രസിഡണ്ട് ഒ. എസ്. എസ്. എ. ഇ. യുടെ പ്രസിഡന്റും, വൈസ്പ്രസിഡന്റ് ഡയറക്ടർ ജനറലും, കൺവീനർ ഒ. വി. ബി. എസ്. ഡയറക്ടറുമായിരിക്കും.

**102.** ഒ. വി. ബി. എസ്. കമ്മറ്റി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ ഡയറക്ടറും ജനറൽ സെക്രട്ടറിയും സൂക്ഷ്മ പരിശോധന നടത്തി, പ്രസിഡണ്ടിന്റെ ആശംസയും ഡയറക്ടർ ജനറലിന്റെ അവതാരികയും സഹിതം ഒ. എസ്. എസ്. എ. ഇ. ആഫീസിൽ ഏൽപ്പിക്കേണ്ടതും, ഒ. എസ്. എസ്. എ. ഇ. ആയത് യഥാസമയം പ്രസിദ്ധീകരിക്കേണ്ടതുമാണ്.

**103.** ഒ. വി. ബി. എസ്. -ന്റെ വരവുകളും ചെലവുകളും ഒ. എസ്. എസ്. എ. ഇ. ആഫീസിൽ കൈകാര്യം ചെയ്ത് കണക്കുകൾ മേൽപ്പടി ആഫീസിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## VI. പാഠപുസ്തകങ്ങൾ.

**104.** അസ്സോസിയേഷൻ വക പാഠപുസ്തകങ്ങൾ അസ്സോസിയേഷന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിലേക്ക് ആവശ്യമായ കരിക്കുലം കമ്മറ്റിയെ എക്സിക്യൂട്ടീവ് കമ്മറ്റി രൂപികരിക്കും. പ്രസിഡണ്ട്, ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, ട്രഷറാർ, എക്സിക്യൂട്ടീവ് ഓഫീസർ, O. K. R. ഡയറക്ടർമാർ എന്നിവരും, ഓരോ മേഖലയിൽ നിന്നും രണ്ട് പേരിൽ കുറയാത്ത അംഗങ്ങളും ഇതിൽ അംഗങ്ങളായിരിക്കും. കൂടുതൽ അംഗങ്ങൾ ആവശ്യമെങ്കിൽ കരിക്കുലം കമ്മറ്റിയുടെ ആലോചനയോടെ പ്രസിഡണ്ടിന് ഉൾപ്പെടുത്താവുന്നതാണ്.

**105.** ഡയറക്ടർ ജനറൽ ചീഫ് എഡിറ്ററും, പബ്ലിക്കേഷൻ ഓഫീസർ ഈ കമ്മറ്റിയുടെ കൺവീനറും ആയിരിക്കും.

**106.** പാഠപുസ്തകങ്ങൾ പരിശോധിച്ച് കുറവുകൾ പരിഹരിക്കുക, ആവശ്യമായ പുതിയ പുസ്തകങ്ങൾ തയ്യാറാക്കുക, പാട്ടുപുസ്തകങ്ങൾ, അദ്ധ്യാപകർക്ക് റഫറൻസ് പുസ്തകങ്ങൾ മുതലായ മറ്റു പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുക എന്നിവ കമ്മറ്റിയുടെ ചുമതലയായിരിക്കും.

**107.** ഇപ്രകാരം തയ്യാറാക്കുന്ന പുസ്തകങ്ങളുടെ പകർപ്പവകാശം അസ്സോസിയേഷന് ആയിരിക്കുന്നതും, പ.രിശുദ്ധ കാതോലിക്കാബാവായുടെ ശ്രേഷ്ഠാനുമതിയോടെ അവ പ്രസിദ്ധീകരിക്കേണ്ടതുമാകുന്നു. ഈ പുസ്തകങ്ങളിൽ അസ്സോസിയേഷൻ മുദ്ര പതിച്ചിരിക്കേണ്ടതുമാണ്.

**108.** കരിക്കുലം കമ്മറ്റിയുടെ ജോലി പൂർത്തിയാകുന്ന മുറയ്ക്ക് കമ്മറ്റിയെ പിരിച്ചുവിടാവുന്നതും ആവശ്യാനുസരണം വീണ്ടും സംഘടിപ്പിക്കാവുന്നതുമാകുന്നു.

## VII. റിക്കാർഡുകളും കത്തുകളും.

**109. ഓരോ സൺഡേസ്കൂളും താഴെപ്പറയുന്ന റിക്കാർഡുകൾ സൂക്ഷിക്കണം:**
അഡ്മിഷൻ രജിസ്റ്റർ, ഹാജർ പുസ്തകം, ലോഗ് ബുക്ക്, സന്ദർശക ഡയറി, ഇൻസ്പെക്ഷൻ ഡയറി, വരവ്-ചെലവ് കണക്ക് ബുക്ക്, റിക്കാർഡ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, സർക്കുലർ ഫയൽ, ലെറ്റർ ഫയൽ, മിനിട്സ് ബുക്ക്, സ്റ്റാഫ് രജിസ്റ്റർ, റിട്ടേൺ ഫയൽ. ഈ റിക്കാർഡുകൾ പ്രധാനാദ്ധ്യാപകൻ/ പ്രധാനാദ്ധ്യാപിക സൂക്ഷിക്കേണ്ടതും ഇടവക വികാരി ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**110.** സൺഡേസ്കൂളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും വിവരം കാണിക്കുന്ന വർഷാരംഭ സ്റ്റേറ്റ്മെന്റ് 3-ാം നമ്പർ ഫാറത്തിൽ ജനുവരി മാസത്തിലും, വാർഷിക പരീക്ഷയ്ക്ക് ചേരുവാനുള്ള കുട്ടികളുടെ വിവരം കാണിക്കുന്ന പരീക്ഷാ സ്റ്റേറ്റ്മെന്റ് 4-ാം നമ്പർ ഫാറത്തിൽ ആഗസ്റ്റ് മാസത്തിലും ഇടവക വികാരിയുടെ അംഗീകാരത്തോടുകൂടി പ്രധാനാദ്ധ്യാപകൻ/പ്രധാനാദ്ധ്യാപിക ഇൻസ്പെക്ടർക്ക് അയയ്ക്കണം. ഇൻസ്പെക്ടർ ഇവയുടെ കോപ്പി ഡയറക്ടർക്ക് ലഭ്യമാക്കണം.

**111. ഇൻസ്പെക്ടർ താഴെപ്പറയുന്ന റിക്കാർഡുകൾ സൂക്ഷിക്കണം:**
സൺഡേസ്കൂൾ രജിസ്റ്റർ, ലോഗ് ബുക്ക്, സർക്കുലർ ഫയൽ, ലെറ്റർ ഫയൽ, പരീക്ഷാ ഫയൽ, മത്സരങ്ങളുടെ ഫയൽ, മിനിട്സ് ബുക്ക്, റിട്ടേൺ ഫയൽ, വരവ്-ചെലവ് കണക്ക്, അദ്ധ്യാപക രജിസ്റ്റർ. ഡിസ്ട്രിക്ട് പ്രസിഡണ്ട് ആവശ്യപ്പെടുമ്പോൾ ഇൻസ്പെക്ടർ ഈ റിക്കാർഡുകൾ ഹാജരാക്കേണ്ടതാണ്.

**112.** സൺഡേസ്കൂളിൽ നിന്നു കിട്ടുന്ന 3-ാം നമ്പർ വർഷാരംഭ സ്റ്റേറ്റ്മെന്റുകളിൽ നിന്ന് ഡിസ്ട്രിക്ട് സ്റ്റേറ്റ്മെന്റ് 5-ാം നമ്പർ ഫാറത്തിൽ തയ്യാറാക്കി ഏപ്രിൽ മാസത്തിൽ ഡയറക്ടർക്കും ഡയറക്ടർ ജനറലിനും ഇൻസ്പെക്ടർ അയയ്ക്കണം.

**113.** ഇൻസ്പെക്ടറുടെ ജോലി സംബന്ധിച്ച അർദ്ധവാർഷിക സ്റ്റേറ്റ്മെന്റ് 8-ാം നമ്പർ ഫാറത്തിൽ ജൂൺ മാസത്തിൽ അയയ്ക്കുന്നതിനോടൊപ്പം അതത് ഡിസ്ട്രിക്ടിൽ നടന്ന ഒ. വി. ബി. എസ്. സംബന്ധിച്ച വിവരങ്ങൾ 9-ാം നമ്പർ ഫാറത്തിൽ ഭദ്രാസന ഡയറക്ടർക്ക് അയച്ചിരിക്കേണ്ടതാണ്. ഒരു കോപ്പി ഒ. വി. ബി. എസ്. ഡയറക്ടർക്കും അയയ്ക്കണം.

**114. ഡയറക്ടർ താഴെപ്പറയുന്ന റിക്കാർഡുകൾ സൂക്ഷിക്കണം:**

ഡിസ്ട്രിക്ട് തിരിച്ച് സൺഡേസ്കൂളുകളുടെ രജിസ്റ്റർ, സർക്കുലർ ഫയൽ, ലെറ്റർ ഫയൽ, പരീക്ഷാ ഫയൽ, മത്സരങ്ങൾ സംബന്ധിച്ച ഫയൽ, മിനിട്സ് ബുക്ക്, വരവ്-ചെലവ് കണക്ക്. ഇടവക മെത്രാപ്പോലീത്താ ആവശ്യപ്പെടുന്ന മുറയ്ക്ക് ഈ റിക്കാർഡുകൾ ഡയറക്ടർ ഹാജരാക്കേണ്ടതാണ്.

**115.** ഇൻസ്പെക്ടർമാരിൽ നിന്നും കിട്ടുന്ന 5-ാം നമ്പർ വർഷാരംഭ സ്റ്റേറ്റ്മെന്റുകളിൽനിന്നും ഭദ്രാസനം മൊത്തം സ്റ്റേറ്റ്മെന്റ് 7-ാം നമ്പർ ഫാറത്തിൽ തയ്യാറാക്കി ഇടവക മെത്രാപ്പോലീത്തായുടെ ഒപ്പും മുദ്രയും വച്ച് ജൂൺ മാസത്തിൽ ഡയറക്ടർ ജനറലിന് അയയ്ക്കണം.

**116.** ഡയറക്ടറുടെ ജോലി സംബന്ധിച്ച അർദ്ധവാർഷിക സ്റ്റേറ്റ്മെന്റ് 7-ാം നമ്പർ ഫാറത്തിൽ തയ്യാറാക്കി ജൂൺ, ഡിസംബർ മാസങ്ങളിൽ ഭദ്രാസന മെത്രാപ്പോലീത്തായ്ക്കും ഡയറക്ടർ ജനറലിനും അയയ്ക്കേണ്ടതാണ്.

**117.** ഓരോ മാസത്തേയും അച്ചടി, വിൽപന, സ്റ്റോക്ക് മുതലായ വിവരം കാണിക്കുന്ന സ്റ്റേറ്റ്മെൻറും, പ്രസ്സ്, ബുക്ക് ഡിപ്പോ എന്നിവയുടെ കണക്കുകളും ഡയറക്ടർ ജനറൽ ഓരോ എക്സിക്യൂട്ടീവ് യോഗത്തിലും ഹാജരാക്കേണ്ടതാണ്.

**118.** ഡയറക്ടർ ജനറൽ വാർഷിക റിപ്പോർട്ടും കണക്കും പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിക്കും എല്ലാ തിരുമേനിമാർക്കും സൺഡേസ്കൂൾ ഭാരവാഹികൾക്കും എല്ലാ സ്കൂളുകൾക്കും അയയ്ക്കേണ്ടതാണ്.

## VIII. പരീക്ഷകളും മത്സരങ്ങളും.

**119.** പ്രവർത്തന വർഷത്തെ രണ്ട് (2) ടേം ആയി തിരിച്ച് അർദ്ധവാർഷിക പരീക്ഷ, വാർഷിക പരീക്ഷ എന്നിവ നടത്തേണ്ടതാണ്.

**120.** പരീക്ഷകളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും വാർഷികപ്പരീക്ഷ, മത്സര പരീക്ഷ എന്നിവ നടത്തുന്നതിനും കേന്ദ്രത്തിൽ ഒരു പരീക്ഷാ ബോർഡ് ഉണ്ടായിരിക്കും. പരീക്ഷാ ബോർഡിൽ ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, ട്രഷറാർ, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരെ കൂടാതെ കേരളത്തിലെ അഞ്ച് സോണുകളിൽ നിന്നും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഓരോരുത്തരെയും, എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പുറത്തുനിന്നും മൂന്ന് പേരെയും എക്സിക്യൂട്ടീവ് കമ്മറ്റി തെരഞ്ഞെടുക്കേണ്ടതാണ്. പരീക്ഷാബോർഡിന്റെ കൺവീനർ, ഡയറക്ടർ ജനറലിന്റെ ആലോചനയോടെ പ്രസിഡണ്ട് നിയമിക്കുന്ന പരീക്ഷാ കൺട്രോളർ ആയിരിക്കും.

**121.** അർദ്ധവാർഷിക പരീക്ഷ ഭദ്രാസനാടിസ്ഥാനത്തിൽ, ഭദ്രാസന വൈസ് പ്രസിഡണ്ടിന്റെയും ഡയറക്ടറുടെയും ചുമതലയിൽ നടക്കുന്നതാണ്.

**122.** പത്താം ക്ലാസ്സ് പാസ്സാകുന്ന കുട്ടിക്ക് വേദപഠന സർട്ടിഫിക്കേറ്റും, പന്ത്രണ്ടാം ക്ലാസ്സ് പാസ്സാകുന്ന കുട്ടിക്ക് വേദപ്രവീൺ ഡിപ്ലോമയും നൽകുന്നതായിരിക്കും. വേദപ്രവീൺ ഡിപ്ലോമ ആണ് ഒ. എസ്. എസ്. എ. ഇ. നൽകുന്ന ഏറ്റവും വലിയ ബിരുദം.

## IX. ആസ്തി വർദ്ധിപ്പിക്കൽ.

**123.** ഒ. എസ്. എസ്. എ. ഇ. യുടെ പേർക്ക് സ്ഥാവര-ജംഗമ സ്വത്തുക്കൾ പൊതുയോഗ തീരുമാനപ്രകാരം പൗരസ്ത്യ കാതോലിക്കായുടെ പേരിൽ വാങ്ങേണ്ടതാണ്.

## X. പലവക

**124.** ഒ. എസ്. എസ്. എ. ഇ. യുടെ എംബ്ലം ഈ ഭരണഘടനയുടെ ആദ്യപേജിൽ കൊടുത്തിരിക്കുന്നു.

**125.** അസ്സോസിയേഷന് ഒരു മുദ്ര ഉണ്ടായിരിക്കേണ്ടതും, ആയത് ഡയറക്ടർ ജനറൽ സൂക്ഷിക്കേണ്ടതും, പ്രധാനപ്പെട്ട എല്ലാ രേഖകളിലും അസ്സോസിയേഷൻ മുദ്ര പതിച്ചിരിക്കേണ്ടതുമാണ്.

**126.** അസ്സോസിയേഷനുള്ള എല്ലാ വരുമാനങ്ങളും ഡയറക്ടർ ജനറലിന്റെ പേർക്ക് അയയ്ക്കേണ്ടതാകുന്നു.

**127.** അസ്സോസിയേഷൻ വക വരുമാനങ്ങൾക്കുള്ള എല്ലാ രസീത് ബുക്കുകളും ഡയറക്ടർ ജനറൽ വശം ഉണ്ടായിരിക്കേണ്ടതും, അവയിലെല്ലാം അസ്സോസിയേഷൻ മുദ്ര പതിച്ചിരിക്കേണ്ടതുമാണ്.

**128.** ഡയറക്ടർ ജനറൽ, ട്രഷറാർ എന്നിവരുടെ റിക്കാർഡുകൾ, കണക്കുകൾ, സ്റ്റോക്കുകൾ മുതലായവ മുന്നറിയിപ്പ് കൂടാതെ പരിശോധിക്കുന്നതിനും വേണ്ടിവരുന്ന നടപടികൾ എടുക്കുന്നതിനും പ്രസിഡണ്ടിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**സൺഡേസ്കൂൾ ദിനവും ജീവകാരുണ്യദിനവും:**

**129.** ഒ. എസ്. എസ്. എ. ഇ. -യുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസമാഹരണത്തിനായി ഒരു ഞായറാഴ്ച സൺഡേസ്കൂൾ ദിനമായി സഭ വേർതിരിച്ചിട്ടുണ്ട്. കേരളത്തിനകത്ത് അത് പെന്തിക്കോസ്തിക്ക് മുമ്പുള്ള ഞായറാഴ്ചയും, കേരളത്തിന് വെളിയിൽ അത് യോഹന്നാൻ മാംദാനായുടെ ജനന ദിവസവുമായിരിക്കും. കേരളാ മേഖലയിലുള്ള സൺഡേസ്കൂളുകൾ കാണിക്കയും കവർപിരിവും കേന്ദ്ര ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്. കേരളത്തിന് വെളിയിലുള്ള മേഖലകളിലെ സൺഡേസ്കൂളുകൾ കവർപിരിവും കാണിക്കയും അതത് മേഖലാകേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കേണ്ടതാണ്. (നാഗ്പൂർ സെമിനാരി, ന്യൂയോർക്ക്, etc.) അതിൽ ഇരുപത് ശതമാനം (20%) തുക മേഖലാകേന്ദ്രങ്ങൾ ഒ. എസ്. എസ്. ഇ. കേന്ദ്ര ഓഫീസിലേയ്ക്ക് അയയ്ക്കണം. എന്നാൽ ഗൾഫ് മേഖലയിലുള്ള സൺഡേസ്കൂളുകൾ, കാണിക്കയും കവർപിരിവ് തുകയും പൂർണ്ണമായി കേന്ദ്രത്തിലേക്ക് അയയ്ക്കണം. ഈ തുകയുടെ മുപ്പത് ശതമാനം (30%) കേന്ദ്രത്തിൽ നിന്നും O. K. R. -ന്റെ പ്രവർത്തനങ്ങൾക്കായി നൽകുന്നതാണ്.

**130.** ഈ ഭരണഘടനയിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തണമെന്നുണ്ടെങ്കിൽ അതിലേക്കുള്ള നിർദ്ദേശം പൊതുയോഗാംഗങ്ങളിൽ കുറഞ്ഞത് 10 പേരെങ്കിലും ചേർന്ന് എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ചർച്ച

ചെയ്യേണ്ടതും, കമ്മറ്റി അംഗീകരിക്കുന്നപക്ഷം അങ്ങനെയുള്ള ഭേദഗതികളും എക്സിക്യൂട്ടീവ് കമ്മറ്റി സ്വന്തമായി പാസ്സാക്കുന്ന ഭേദഗതികൾ ഉണ്ടെങ്കിൽ അവയും പൊതുയോഗാംഗങ്ങൾക്ക് പൊതുയോഗത്തിന് 14 ദിവസങ്ങൾക്ക് മുൻപ് ലഭിക്കത്തക്കവണ്ണം അയച്ചുകൊടുക്കേണ്ടതും, പൊതുയോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങളുടെ 2/3 ഭൂരിപക്ഷത്തോടുകൂടി ഭേദഗതികൾ പാസ്സാക്കി, പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, അംഗീകാര കൽപന കിട്ടുന്ന മുറയ്ക്ക് അവ പ്രാബല്യത്തിൽ വരുന്നതുമാകുന്നു. എന്നാൽ പരിശുദ്ധ സുന്നഹദോസിന് യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ ഈ നടപടി കൂടാതെ നേരിട്ട് നടപ്പിൽ വരുത്താവുന്നതുമാകുന്നു.

**131.** സൺഡേസ്കൂൾ അസ്സോസിയേഷന്റെ എല്ലാ തലങ്ങളിലുമുള്ള ഘടകങ്ങളും സംവിധാനങ്ങളും ഈ ഭരണഘടന അനുസരിച്ച് മാത്രം നടത്തേണ്ടതും, അതത് കാലത്തെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.

**132.** ഈ ഭരണഘടനയിൽ നിർവ്വചിക്കപ്പെടാത്തതും അത്യന്താപേക്ഷിതമെന്ന് തോന്നുന്നതുമായ മറ്റ് കാര്യങ്ങൾ, എക്സിക്യൂട്ടീവ് കമ്മറ്റിക്ക് നിർദ്ദേശിക്കാവുന്നതും ഈ നിർദ്ദേശങ്ങൾ പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുന്നതുമാകുന്നു.

**133.** ഈ ഭരണഘടന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ 2018 ഫെബ്രുവരി മാസത്തിൽ കൂടിയ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പാസ്സാക്കിയിട്ടുള്ളതും 2018 ആഗസ്റ്റ് മാസം മുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്.

***************************